പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7616 — 23/7/2012-ൽ മറുപടിയ്ക്ക്

## പൊതു-സ്വകാര്യ പഞ്ചായത്ത് പങ്കാളിത്തം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
| (എ) പി.പി.പി.പി അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് എത്ര പ്രോജക്റ്റുകൾ സംസ്ഥാനത്ത് പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പി.പി.പി വ്യവസ്ഥയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിന്റെ നോഡൽ ഏജൻസിയായ ഐ.സി.ഐ.സി.ഐ കിൻഫ്ര മുഖേനയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേനയും ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ പരിശോധനയ്ക്ക് ശേഷം പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം നൽകി വരുന്നുണ്ട്. ചെങ്ങള ബസ് സ്റ്റാന്റ്, കണ്ണൂർ ബസ് സ്റ്റാന്റ് കോംപ്ലക്സ്, വടകര മാർക്കറ്റ് കോംപ്ലക്സ്, പെരിന്തൽമണ്ണ ഫിഷ് മാർക്കറ്റ്, നോർത്ത് പറവൂർ കമ്മ്യൂണിറ്റി ഹാൾ, കോഴിക്കോട് ചേരി പുനരുദ്ധാരണ- വെജിറ്റബിൾ മാർക്കറ്റ്, തലയോലപ്പറമ്പ് ബസ് സ്റ്റാന്റ്, കൽപ്പറ്റ ബസ് സ്റ്റാന്റ്, കുന്നംകുളം ഫിഷ് മാർക്കറ്റ്, കോഴിക്കോട് പാർക്കിംഗ് പ്ലാസ എന്നീ നിർമ്മാണ പ്രവൃത്തികളും തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ എന്നീ നഗരങ്ങളിൽ ഖരമാലിന്യ പ്ലാന്റും പി.പി.പി വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കേന്ദ്ര സർക്കാർ ധനസഹായത്തോടെ തളിക്കുളം, തിരൂരങ്ങാടി എന്നീ സ്ഥലങ്ങളിൽ 'പുര' പദ്ധതി നടപ്പാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം മേഖലയിലാണ് പി.പി.പി.പി സംരംഭം തുടങ്ങാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ബി) | മാർക്കറ്റ് കോംപ്ലക്സ് വികസനം, ബസ് ടെർമിനൽ കോംപ്ലക്സ്, വാണിജ്യ/വ്യാപാര സമുച്ചയങ്ങൾ, ഏരിയ/കോംപോസൈറ്റ് വികസനം, ഗ്രാമീണ റോഡുകളും പാലങ്ങളും, റോഡുകളും പാലങ്ങളും, പാർക്കിംഗ് പ്ലാസകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, കടലോര വികസനം, മത്സ്യ-മാംസ-പച്ചക്കറി മാർക്കറ്റുകൾ, അമ്യൂസ്മെന്റ് പാർക്ക്, ഖരമാലിന്യ സംസ്ക്കരണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്നീ മേഖലകളിലാണ് ഐ.സി.ഐ.സി.ഐ കിൻഫ്ര മുഖാന്തിരം പി.പി.പി പദ്ധതികൾ നടപ്പാക്കാവുന്നത്. ' പുര' പദ്ധതി പ്രകാരം ജലവിതരണം, വില്ലേജ് റോഡുകൾ, ഉപരിതല ജല നിർഗ്ഗമന സംവിധാനം, ജല സ്രോതസ്സുകളുടെ നിലനിൽപ്പ് മെച്ചപ്പെടുത്തൽ, കഴിവ് പോഷിപ്പിക്കൽ, വില്ലേജ് തെരുവു സോളാർ വിളക്കുകൾ സ്ഥാപിക്കൽ, മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, ഖരമാലിന്യം കൈകാര്യം ചെയ്യൽ, റൂറൽ ബി.പി.ഒ, തളിക്കുളത്ത് എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഗ്യാസ് ക്രിമറ്റോറിയം, എൽ.പി. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, മത്സ്യബന്ധന കേന്ദ്രം സ്ഥാപിക്കൽ, തിരൂരങ്ങാടിയിൽ അടിയന്തിര സഹായ കേന്ദ്രം (ട്രോമ കെയർ സെന്റർ), ബസ് ടെർമിനൽ എന്നിവയാണ് പി.പി.പി വ്യവസ്ഥയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ആഫീസർ